നമ്പർ: ഇ.എം(4) 38544/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, തീയതി: 02/04/2011

## സർക്കുലർ നമ്പർ: 29/2011

വിഷയം:

സഹകരണം - കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

സർക്കാരിന്റെ 26.02.2011ലെ സ.ഉ.(കൈ)നം:40/2011/സഹ. സർക്കാർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.07.2008 മുതൽ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. ശമ്പള പരിഷ്ക്കരണത്തിന് 01.07.2008 മുതൽ പ്രാബല്യമുണ്ടായിരിക്കും.
2. പുതിയ ശമ്പള സ്കെയിലുകളിലേയ്ക്ക് വരുന്നതിന് 01.07.2008 മുതൽ 30.06.2009 വരെയുള്ള (രണ്ട് തീയതിയും ഉൾപ്പെടെ) കാലയളവ് ഓപ്ഷന് വേണ്ടി സ്വീകരിക്കാം. ഇപ്രകാരമുള്ള ഓപ്ഷൻ 25.05.2011 ന് മുമ്പ് രേഖാമൂലം ഇതോടൊപ്പമുള്ള നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ ഓപ്ഷൻ നൽകിയാൽ ആയത് അന്തിമമായിരിക്കും. നിശ്ചിത സമയത്തിനകം ഓപ്ഷൻ നൽകാതിരുന്നാൽ 01.07.2008 മുതൽ ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിക്കുന്നതാണ്.
3. 01.07.2008 ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 24% ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയോടൊപ്പം ആയതിന്റെ 6% കൂടി ചേർത്ത് കിട്ടുന്ന തുക പുതിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും അടിസ്ഥാന ശമ്പളം നിശ്ചയിക്കേണ്ടതാണ്.
4. 5 വർഷം പൂർത്തിയാക്കിയ സേവനത്തിന് ഒന്ന്, 10 വർഷത്തിന് 2, 15 വർഷത്തിന് 3 എന്നിങ്ങനെ പരമാവധി മൂന്ന് ഇൻക്രിമെന്റുകൾ പുതിയ ശമ്പള സ്കെയിലിലെ നിരക്കിൽ സർവ്വീസ് വെയിറ്റേജ് ആയി അനുവദിക്കാവുന്നത

ാണ്. ഇൻക്രിമെന്റിനും ഗ്രേഡിനും അർഹതയുള്ള സേവനകാലമാണ് വെയിറ്റേജിനും കണക്കാക്കുന്നത്.

5. ഖണ്ഡിക 3 പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ അധികരിച്ച തുക വരികയാണെങ്കിൽ ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി നിശ്ചയിക്കേണ്ടതും ശേഷിക്കുന്ന തുക പേഴ്സണൽ പേ ആയി അനുവദിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പേഴ്സണൽ പേ തുടർന്നുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കാവുന്നതുമാണ്. സർക്കാർ ഉത്തരവിന്റെ 2-ാം ഖണ്ഡികയ്ക്കു വിധേയമായി അടിസ്ഥാന ശമ്പളം നിർണ്ണയിക്കുമ്പോൾ പരിഷ്ക്കരിച്ച സ്കെയിലിന്റെ മിനിമത്തിൽ കുറവ് വരികയാണെങ്കിൽ പരിഷ്ക്കരിച്ച സ്കെയിലിന്റെ മിനിമത്തിൽ നിർണ്ണയിക്കേണ്ടതാണ്.

6. ശമ്പള പരിഷ്ക്കരണത്തിനുശേഷം ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ശമ്പള സ്കെയിലിന്റെ പരമാവധിയിൽ എത്തിയത് തടസ്സമായാൽ അവസാനം വാങ്ങിയ നിരക്കിൽ പ്രതിവർഷം ഒന്ന് എന്ന കണക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്.

7. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന നിരക്കിൽ ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

8. പ്യൂൺ, വാച്ച്മാൻ, അറ്റൻഡർ, റിക്കോർഡ് കീപ്പർ, ഡ്രൈവർ എന്നീ സബ്സ്റ്റാഫ് കാറ്റഗറിയിൽപ്പെടുന്ന ജീവനക്കാർക്ക് 8 വർഷത്തെ സേവനത്തിന് ഒന്ന്, 16 വർഷത്തെ സേവനത്തിന് 2, 23 വർഷത്തെ സേവനത്തിന് 3, 28 വർഷത്തെ സേവനത്തിന് 4 എന്നിങ്ങനെ പരമാവധി നാല് ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. ക്ലാർക്ക്, ടൈപ്പിസ്റ്റ്, ക്യാഷ്യർ തുടങ്ങി ഡെപ്യൂട്ടി ജനറൽ മാനേജർ വരെയുള്ള ഇതര കാറ്റഗറിയിലെ ജീവനക്കാർക്ക് 8 വർഷ സർവ്വീസിന് ഒന്ന്, 16 വർഷ സർവ്വീസിന് 2 എന്നിങ്ങനെ പരമാവധി രണ്ട് സമയബന്ധിത ഹയർഗ്രേഡുകളാണ് അനുവദിക്കാവുന്നത്.

9. ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിൽ ഹയർ ഗ്രേഡായി അനുവദിക്കാവുന്നതാണ്. ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ല

ാത്ത ജീവനക്കാർക്കും ഈ സർക്കുലറിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള ശമ്പള സ്കെയിൽ ഹയർ ഗ്രേഡായി അനുവദിക്കാവുന്നതാണ്.

10. അടിസ്ഥാന ശമ്പളത്തിന് പുറമെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ ക്ഷാമബത്തയ്ക്കും വീട്ടുവാടക അലവൻസിനും അർഹതയുണ്ടായിരിക്കും.

11. സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ സിറ്റികോമ്പൻസേറ്ററി അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാരുടെ നിരക്കിന് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 7900/ രൂപ മുതൽ 8200/ രൂപ വരെ | - | 250/ രൂപ |
| 8200/ രൂപ മുതൽ 10355/ രൂപ വരെ | | 300/ രൂപ |
| 10355/ രൂപയ്ക്ക് മുകളിൽ | | 350/ രൂപ |

12. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ തോതിലും വ്യവസ്ഥയിലും ഹിൽട്രാക്ക് അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 7990/ രൂപ മുതൽ 9825/ രൂപ വരെ | - | 260/ രൂപ |
| 9825/ രൂപയ്ക്കു മുകളിൽ | | 280/ രൂപ |

(സർക്കാർ ജീവനക്കാർക്ക് 64% ക്ഷാമബത്ത ലയിപ്പിച്ചപ്പോൾ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാർക്ക് 24% ക്ഷാമബത്ത മാത്രമേ ലയിപ്പിച്ചിട്ടുള്ളൂ. ആയതനുസരിച്ച് കണക്കാക്കിയ ശമ്പള സ്കെയിലിന്റെ സ്റ്റേജിലെ നിരക്കാണ് ഖണ്ഡിക 11 ലും 12 ലും മുകളിൽ ചേർത്തിട്ടുള്ളത്.)

13. കണ്ണട വാങ്ങുന്നതിനുള്ള അലവൻസായി 1000/ രൂപ സർവ്വീസിൽ ഒരിയ്ക്കൽ മാത്രം എന്ന വ്യവസ്ഥയിൽ ജീവനക്കാർക്ക് റീ ഇമ്പേഴ്സ്മെന്റായി നൽകാവുന്നതാണ്. ഇതിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ മറ്റെല്ലാ വ്യവസ്ഥകളും ബാധകമാണ്. കണ്ണട അലവൻസ് നൽകിയ വിവരം, തീയതി ഉൾപ്പെടെ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുമ്പ

' കണ്ണട അലവൻസ് ലഭിച്ചിട്ടുള്ളവർക്ക് ടി ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

14. പുതിയ ശമ്പള സ്കെയിൽ നിർണ്ണയിച്ച് കഴിഞ്ഞാൽ ഒരു വർഷം പൂർത്തിയാകുമ്പോൾ മാത്രമെ ഇൻക്രിമെന്റിന് അർഹതയുള്ളൂ.

15. മുൻ ശമ്പള പരിഷ്ക്കരണത്തിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കു കൂട്ടിയതുമൂലമോ ശമ്പള നിർണ്ണയം തെറ്റായി വ്യാഖ്യാനിച്ചതുകൊണ്ടോ അധികം വാങ്ങിയ തുകയ്ക്ക് മുൻ ഖണ്ഡിക പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതല്ല.

16. ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിന്മേൽ ഭരണസമിതി, എക്സിക്യൂട്ടീവ് കമ്മറ്റി പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിച്ചു നൽകേണ്ടതാണ്. ഇപ്രകാരം ശമ്പളം നിർണ്ണയിച്ച് നൽകുമ്പോൾ സർവ്വീസ് ബുക്കും മറ്റ് രേഖകളും പരിശോധിച്ച് ശമ്പള നിർണ്ണയം സർക്കാർ ഉത്തരവിനും സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമാണെന്ന് ഉറപ്പുവരുത്തി ശമ്പള നിർണ്ണയ പട്ടിക ബാങ്കിന്റെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഹയർഗ്രേഡും ഭരണസമിതി/എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്. ആയത് സംബന്ധിച്ച പട്ടികയും മേൽ പ്രകാരം ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

17. സർക്കാർ ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം ഇൻക്രിമെന്റിന് അർഹതയുള്ള ജീവനക്കാരുടെ വ്യക്തമായ അപേക്ഷ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശ സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ്. ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ.

**Statement of fixation of Pay Consequent on Revision of Scales of pay as per G.O.(P)40/2011/Co-op. dated: 26/02/2011.**

| | | |
|---|---|---|
| 1 | Name of Society/Bank | - |
| 2 | Name of employee | - |
| 3 | Designation (as on the date of option) | - |
| 4 | Date of option | - |
| 5 | Date of entry in regular service | - |
| 6 | Number of completed years of qualifying service | - |
| 7 | Existing scale of pay | - |
| 8 | Revised scale of pay (vide Annexure III | - |
| 9 | Existing basic pay | - |
| 10 | **Add** 24% DA of the Existing Basic pay | - |
| 11 | Total (Column 9 + 10) | - |
| 12 | **Add** 6% of the total in Column No. 12 towards fitment benefit | - |
| 13 | Total (Column 11 + 12) | - |
| 14 | Stage at which pay fixed in the revised scale (vide para 2 of G.O) | - |
| 15 | Service weightage if any(5 yrs-1<br>10 yrs-2<br>15 yrs-3) | - |
| 16 | Total (Column 14 + 15) | - |
| 17 | Basic Pay fixed as on option date | - |
| 18 | Date of increment | - |
| 19 | Remarks/Recommendation | - |

**Signature of the Head office**

**CERTIFICATE/RECOMMENDATION OF AUDITOR/CONCURRENT AUDITOR**

**Certified that I have verified the entries in the statement with Service Book of Sri./Smt. .................................................. (Name) ....................................................................... (Designation) and found that the fixation statement is correct and drawn as per G.O.(P)No.40/2011/Co-op. dated: 26.02.2011 and Circular No. 29/2011 of the Registrar of Co-operative Societies.**

**Name :**

**Designation:**

**Place:**

**Date:**

**Committee Resolution No. and date : .......................................................**

**Signature of the President :**

**(Office Seal)**

# FORM OF OPTION

- (i) I ............................................................................................... hereby elect to come

  under the Revised Scale of Rs. .............................................................................

  with effect from ....................................

- (ii) I ............................................................................................... hereby elect to continue

  in the existing scale of Rs. ................................................................. of my officiating

  post mentioned below will ....................................

Station : Signature :

Date : Name :

Designation:

- to be scored off if not application

## DECLARATION

I ............................................................................................................. hereby declare; that I am bound to refund the excess pay and allowances if any received by me due to wrong calculation or by any other means in the fixation of pay and allowances as per G.O.(P)40/2011/Co-op. dated: 26-02-2011 and I undertake to refund such excess amount from my salary as and when directed.

Signature :

Name :

Designation:

# Higher Grade Scale of KSCARDB

| Sl. No | Name of Post | Revised scale of pay | Grade I | Grade II | Grade III | Grade IV |
|---|---|---|---|---|---|---|
| 1 | Peon/Lift Operator /Watchman/ Room Attender | 7900-250/4-8900-300/2-9500-350/4-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600 (30 years) | 8400-250/2-8900-300/2-9500-350/4-10900-400/3-12100 -450/2-13000-500/1 -13500-550/2-14600 -600/2-15800-650/1-16450-700/2-17850-750/1-1860-800/2-20200-850/4-23600-900/2-25400 | 8900-300/2-9500-350/4-10900-400/3-12100-450/2-13000 -500/1-13500-550/2 -14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/1-27350 | 9500-350/2-10200-350/2-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/3-29350 | 10550-350/1-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450 |
| 2 | Attender/Record Keeper/Deffedar/ Driver/Electrician | 8650-250/1-8900-300/2-9500-350/4-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2- | 9500-350/4-10900-400/3-12100-450/2-13000 -500/1 13500-550/2 14600-600/2-15800 -650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4- | 10550-350/3-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350- | 12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4 - 30350-1050/2- | 12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2- |

| | | | | | | |
|---|---|---|---|---|---|---|
| | | 25400-950/1-26350 (30 years) | 30350 | 1000/4-30350-1050/2-32450 | 32450-1100/2-34650 | 34650-1150/2 - 36950 |
| 3 | Assistant/Typist/ Stenographer/ Sergeant/Receptionist cum telephone operator | 10550-350/1-10900-400/3-12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450 (30 years) | 12100-450/2-13000-500/1-13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2-34650-1150/2 36950 | 13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2-34650-1150/3-38100 | | |
| 4 | Assistant Manager/ Agricultural Officer/P.A. &M.D /Law Officer/ Statistical Officer | 13500-550/2-14600-600/2-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2- | 15200-600/1-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2-34650-1150/3- | 16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2-34650-1150/3-38100-1200/2-40500-1250/2- | | |

| | | | | | | |
|---|---|---|---|---|---|---|
| | | 34650-1150/3-38100 (28 years) | 38100-1200/2-40500-1250/2-43000 | 43000-1300/2-45600 | | |
| 5 | Deputy Manager/ Agricultural Development Officer/ Management Trainee | 15200-600/1-15800-650/1-16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450 -1100/2-34650-1150/3-38100-1200/2 -40500-250/2-43000 (29 years) | 16450-700/2-17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450/1100/2-34650-1150/3-38100-1200/2-40500-1250/2-43000-1300/2-45600 | 17850-750/1-18600-800/2-20200-850/4-23600-900/2-25400-950/1-26350-1000/4-30350-1050/2-32450-1100/2-34650-1150/3-38100-1200/2-40500-1250/2-43000-1300/3-46900-1350/1-48250 | | |